LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

ആദിവാസി ക്ഷേമ ഫണ്ടുകൾ ക്രിയാത്മകമായി ഉപയോഗപ്പെടുത്തുന്നതിലുള്ള ഗുരുതരമായ വീഴ്ച

290 (638) ശ്രീ. എ. കെ. ബാലൻ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. കെ. വി. വിജയദാസ് :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി മേഖലയിലെ കുട്ടികൾക്ക് പോഷകാഹാര കുറവ്മൂലമുള്ള മരണങ്ങൾ തുടരുന്നതായ വാർത്തകൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ആദിവാസികളുടെ ക്ഷേമത്തിനായി ലഭ്യമാകുന്ന ഫണ്ടുകൾ ക്രിയാത്മമായി ഉപയോഗപ്പെടുത്താത്തതാണ് ഇതിന് കാരണമാകുന്നതെന്നും ഇതിനായി സർക്കാരിന്റെ ഭാഗത്തുനിന്ന് പ്രഖ്യാപനമല്ലാതെ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ നിലപാട് വ്യക്തമാക്കുമോ ;

(സി) പോഷകാഹാര കുറവ്മൂലം ആദിവാസി കുട്ടികളും അമ്മമാരും നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നിരന്തരം പദ്ധതികൾ പ്രഖ്യാപിച്ചിട്ടും ഇതുമൂലമുള്ള ഗുരുതരമായ പ്രശ്നങ്ങൾ ഇപ്പോഴും തുടരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആദിവാസി ക്ഷേമത്തിനായി ലഭ്യമാകുന്ന ഫണ്ടുകൾ ക്രിയാത്മകമായി യഥാസമയം ടി ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി വിനിയോഗിക്കുകയും, അടിയന്തര ഘട്ടങ്ങളിൽ പുതിയ പദ്ധതികൾ പ്രഖ്യാപിക്കുകയും നടപ്പാക്കുകയും ചെയ്യുന്നുണ്ട്. ഓരോ വർഷവും പദ്ധതി വിഹിതം 90 മുതൽ 95% വരെ ചെലവഴിക്കുന്നുണ്ട്.

(സി) പോഷകാഹാര കുറവുമൂലം ആദിവാസി കുട്ടികളും അമ്മമാരും നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സംസ്ഥാനത്തുടനീളം എ.പി.എൽ/ ബി.പി.എൽ ഭേദമെന്യേ പട്ടികവർഗ്ഗക്കാരായ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം വാങ്ങുന്നതിലേക്കായി പ്രതിമാസം 1,000 രൂപ നിരക്കിൽ ജനനീ ജന്മരക്ഷാ പദ്ധതിയിൻ കീഴിൽ പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് മണി ഓർഡറായി തുക ഗുണഭോക്താക്കൾക്ക് അയച്ചു നൽകുന്നു. ഐ.സി.ഡി.എസ്.-ന്റെ കീഴിൽ അംഗൻവാടികൾ മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാരം നൽകിവരുന്നു. പ്രീ-സ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവ വിതരണം ചെയ്യുന്നു. പോഷകാഹാര കുറവ് റിപ്പോർട്ട് ചെയ്ത അട്ടപ്പാടി മേഖലയിൽ 130 പട്ടികവർഗ്ഗ സങ്കേതങ്ങളിൽ സമൂഹ അടുക്കളകൾ പ്രവർത്തിച്ചുവരുന്നു. വിവാഹിതരായ പെൺകുട്ടികൾക്കും ഗർഭിണികൾക്കും ഫോളിക് ആസിഡ് ഗുളികകൾ വിതരണം ചെയ്തുവരുന്നു. പോഷകാഹാര കുറവുള്ള കുട്ടികളെ കണ്ടെത്തുന്നതിനും നിരീക്ഷിക്കുന്നതിനും ജാതക് ജനനി സോഫ്റ്റ്വെയർ ഉപയോഗിക്കുന്നു. ടി കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതിന് മേഖലയിൽ 3 ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. 5 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ഈ മേഖലയിൽ പ്രവർത്തിക്കുകയും വിദൂര ആദിവാസി സങ്കേതങ്ങൾ ഉൾപ്പെടെ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. അംഗൻവാടി വർക്കർമാർ, ആശാ വർക്കർമാർ, എസ്.ടി പ്രൊമോട്ടർമാർ, ആരോഗ്യ പ്രവർത്തകർ എന്നിവർ കൃത്യമായ ഇടവേളകളിൽ വീടുകൾ സന്ദർശിക്കുകയും ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, നവജാത ശിശുക്കൾ എന്നിവർക്ക് ആവശ്യമായ ചികിത്സ ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. ഈ സാഹചര്യത്തിൽ പോഷകാഹാര കുറവുമൂലവും ആദിവാസി കുട്ടികളും അമ്മമാരും നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നിരന്തരം പദ്ധതികൾ പ്രഖ്യാപിച്ചിട്ടും ഇതുമൂലമുള്ള ഗുരുതരമായ പ്രശ്നങ്ങൾ തുടരുന്നതായുള്ള വാർത്തകൾ അടിസ്ഥാനരഹിതമാണ്.

തൊഴിൽ പരിശീലന പദ്ധതികൾ

291 (639) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനും സ്വന്തമായി വരുമാനമുണ്ടാക്കുന്നതിനും ഉള്ള പദ്ധതികൾ നിലവിലുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly